**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2425** **12-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ട് നാളിതുവരെ എത്ര രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആരംഭിച്ചിട്ട് 07.10.2021 വരെ വരിക്കാരിൽ നിന്ന് 387,99,39,082 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ടായിട്ടുണ്ട്. ഈ തുകയും ചിട്ടി സെക്യൂരിറ്റി നിക്ഷേപവും മറ്റ് നീക്കിയിരിപ്പും ഉൾപ്പെടെ 509.35 കോടി രൂപ കിഫ്ബി ബോണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | എത്ര പ്രവാസികൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്; നിലവിൽ ചിട്ടിയിൽ ചേർന്നിട്ടുള്ള വിദേശത്ത് താമസിക്കുന്ന പ്രവാസി മലയാളികളുടെയും ഇന്ത്യയിൽ കേരളത്തിനു പുറത്ത് താമസിക്കുന്ന പ്രവാസി മലയാളികളുടെയും എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ? | (ബി) | ആകെ 1,15,891 പേർ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇതിൽ വിദേശത്ത് താമസിക്കുന്ന 105374 പ്രവാസി മലയാളികളും ഇന്ത്യയിൽ കേരളത്തിന് പുറത്ത് താമസിക്കുന്ന 10517 പ്രവാസി മലയാളികളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ